ഉണ്ടെന്നു പറഞ്ഞാൽ ഉടനെ ഏതെങ്കിലും ഹോട്ടലിലേക്കു പോവുകയും ആരാണ് ഇൻറർവ്യൂ നടത്തുന്നതെന്ന് അന്വേഷിക്കാതെ കുറേ ഇഗ്നറൻസ് കാണിക്കുകയും ചെയ്യുന്നുണ്ട്.

പോർട്ടുവകുപ്പിലെ ജീവനക്കാർ

* 554 [589] ശ്രീ. എ.പി. കുര്യൻ:

,, പിണറായി വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോർട്ടുവകുപ്പിലെ ക്ലാസ്-3, ക്ലാസ്-4 വിഭാഗം ജീവനക്കാരുടെ സേവനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച് പരാതികളും നിർദ്ദേശങ്ങളും ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവ ഉന്നയിച്ച സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ:

(സി) വളരെ അപരിഷ്കൃതമായ സേവന സൗകര്യങ്ങളോടുകൂടി അപകടകരമായ സാഹചര്യങ്ങളിൽ പണിയെടുക്കേണ്ടിവരുന്ന ഈ ജീവനക്കാരുടെ ആവശ്യങ്ങൾ പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ?

ആഭ്യന്തര വകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി):

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഗവൺമെൻറിനു ലഭിച്ച അപേക്ഷയിൻമേൽ പോർട്ടു ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. അതു ലഭിച്ചതിനുശേഷം അപേക്ഷയിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ പരിശോധിക്കുന്നതാണ്.

ശ്രീ. പിണറായി വിജയൻ: ഈ ആവശ്യം ഉന്നയിച്ച സംഘടനകളുമായി ചർച്ച ചെയ്യണമെന്ന് ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ.എം. മാണി: അവരോട് ചർച്ച ചെയ്യുന്നതിന് ബുദ്ധിമുട്ടൊന്നുമില്ല. അവർ ഉന്നയിച്ച പല ആവശ്യങ്ങളും പേ കമ്മീഷൻ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിലുള്ള പേ റിവിഷൻ ഓർഡറിൽതന്നെ ആനുകൂല്യം നൽകിയിട്ടുള്ളതാണ്.

ശ്രീ. പിണറായി വിജയൻ: ഈ ആവശ്യങ്ങൾ ഉന്നയിച്ച അപേക്ഷ ഏതു തീയതിക്കാണ് കിട്ടിയത്?

ശ്രീ. കെ.എം. മാണി: ഓരോ അപേക്ഷയും ഏതു തീയതിക്കാണ് കിട്ടിയതെന്നു പറയാൻ ബുദ്ധിമുട്ടുണ്ട്. പല സംഘടനകളും പല കാലഘട്ടങ്ങളിലായി പല അപേക്ഷകളും തന്നിട്ടുണ്ട്. അതിൽ നിരവധി ഡിമാൻറുകളുണ്ട്. അടുത്തകാലത്തുണ്ടായ പേ കമ്മീഷൻ റിപ്പോർട്ടിൽ ഈ ജീവനക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ചിടത്തോളം മെച്ചമായ റെക്കമെൻറേഷനുകൾ ഉണ്ടായിരുന്നു. അതു സാധിച്ചുകൊടുത്തിട്ടുണ്ട്. കൂടുതലായ കാര്യങ്ങളെപ്പറ്റി പര്യാലോചിക്കാവുന്നതാണ്. ഇങ്ങനെയുള്ള കാര്യങ്ങളെപ്പറ്റി ഗവൺമെൻറ് ശ്രദ്ധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ത്യാഗരാജൻ: പോർട്ട് ഡിപ്പാർട്ടുമെന്റിലെ ഹാർബേഴ്സ് ഇഞ്ചിനീയറിംഗ് വിംഗിൽ ജോലി ചെയ്യുന്ന ടെക്നിക്കൽ വിഭാഗത്തിൽപ്പെടുന്ന ആളുകളെ, കഴിഞ്ഞ ആറേഴു വർഷമായി ജോലി ചെയ്യുന്ന ആളുകളെ, ഇതുവരെ സ്ഥിരപ്പെടുത്തിയിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആവശ്യമായ നടപടികളും സ്വീകരിക്കുമോ?

ശ്രീ. കെ.എം. മാണി: സ്ഥിരപ്പെടുത്താൻ കഴിയാത്തത് സാങ്കേതികമായ ബുദ്ധിമുട്ടുകളും ഉള്ളതുകൊണ്ടാണ്.

ശ്രീ. സേവ്യർ അറയ്ക്കൽ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു റിപ്പോർട്ട് പരിഗണിച്ചുകൊണ്ടിരിക്കുകയാണെന്ന്. അത് എന്നത്തേക്ക് തീരുമാനമാകുമെന്നും എന്നത്തേക്ക് നടപ്പിൽവരുത്താൻ സാധിക്കുമെന്നും പറയാമോ?

ശ്രീ. കെ.എം. മാണി: പോർട്ട് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്, മെമ്മോറാണ്ടത്തിന്റെ കാര്യത്തിൽ. അതുടൻ തന്നെ എക്സ്പിഡേറ്റു ചെയ്യാൻ പറയാം.

മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ്

* 555 [590] ശ്രീ. വക്കം പുരുഷോത്തമൻ:
,, എൻ.ഐ. ദേവസ്സിക്കുട്ടി:
,, എ.എ. റഹീം:
,, കെ.എസ്. നാരായണൻ നമ്പൂതിരി:
,, ഇ. നാരായണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മന്ത്രിസഭയിലെ 14 മന്ത്രിമാർക്ക് ഒട്ടാകെയുള്ള പേഴ്സണൽ സ്റ്റാഫ് എത്ര;

(ബി) മന്ത്രിമാരുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്നാവശ്യമായതിൽ കൂടുതൽ അംഗസംഖ്യയാണ് പേഴ്സണൽ സ്റ്റാഫിലുള്ളത് എന്നുള്ള ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ:

(സി) പേഴ്സണൽ സ്റ്റാഫിൽപ്പെട്ട എല്ലാവരും കൃത്യമായി ഓഫീസിൽ ജോലിക്കു ഹാജരാകുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻ നായർ):

(എ) 304.

(ബി) അത്തരം ചില പരാമർശങ്ങളും ചില പത്രങ്ങളിൽ കാണുകയുണ്ടായി.

(സി) ഉണ്ട്.

ശ്രീ. എ.എ. റഹീം: പേഴ്സണൽ സ്റ്റാഫ് എന്നു പറയുന്നവർ തിരുവനന്തപുരത്തുമാത്രമാണോ; അതോ മന്ത്രിമാരുടെ സ്വന്തം സ്ഥലത്തുള്ള വസതികളിലും പേഴ്സണൽ സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: അക്കാര്യം എനിക്കറിഞ്ഞുകൂടാ.

LIBRARY ARCHIVES Kerala Legislative Assembly